**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 423** **29.06.2015-ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം നിയമസഭാ മണ്ഡലത്തിലെ 33 KV സബ്സ്റ്റേഷൻ.**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഒറ്റപ്പാലം നിയമസഭാ മണ്ഡലത്തിലെ കടമ്പഴിപ്പുറത്ത് 33 KV സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിയുടെ പുരോഗതി അറിയിക്കുമോ ; | (എ) കടമ്പഴിപ്പുറത്ത് 33 KV സബ്സ്റ്റേഷൻ ആരംഭിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക പഠനം നടത്തിവരുന്നു (ലോഡ് ഫ്ലോ സ്റ്റഡി). |
| (ബി) ലക്കിടിയിൽ പുതിയ സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ ; അതിന്റെ പുരോഗതി വ്യക്തമാക്കാമോ ; | (ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ ഉപഭോക്താക്കളുടെ എണ്ണം, വിസ്തൃതി; (25000 ഉപഭോക്താക്കൾ /50 ചതുരശ്ര കി.മീ. അഥവാ 20,000 ഉപഭോക്താക്കൾ /100 ചതുരശ്ര കി.മീ.), പ്രത്യേക ഭൂപ്രകൃതി എന്നിവ കണക്കിലെടുത്താണ് പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചു വരുന്നത്. ഒറ്റപ്പാലം, പത്തിരിപ്പാല എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് ലക്കിടി — കൂട്ടുപാത സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചിരുന്നു. പ്രസ്തുത മാനദണ്ഡങ്ങൾക്കുള്ളിൽ ഉൾപ്പെടാത്തതിനാൽ ലക്കിടി — കൂട്ടുപാതയിൽ പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ഒറ്റപ്പാലത്ത് 110 KV സബ്സ്റ്റേഷൻ സ്ഥലത്ത് സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ ; പുരോഗതി വ്യക്തമാക്കാമോ ? | (സി) ഒറ്റപ്പാലം 110 കെ.വി. സബ്സ്റ്റേഷൻ കോമ്പോണ്ടിൽ ഒറ്റപ്പാലം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായുള്ള ഒരു കരട് പദ്ധതി നിർദ്ദേശം ലഭ്യമായിട്ടുണ്ട്. ഇതു സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഇതു സംബന്ധിച്ച അനന്തര നടപടികൾ കൈക്കൊള്ളാനാവുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ.**